# <u>പ്രവർത്തന റിപ്പോർട്ട് (27.10.2017to 07.01.2018)</u>

1. സംസ്ഥാന സമ്മേളനത്തിനുവേണ്ടി എറണാകുളത്ത് ചിലവായ (Flex, Notice, etc കഴിഞ്ഞ കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിയ തുക) തുക 26.10.2017 ലെ സ്റ്റേറ്റ് കൗൺസിൽ തീരുമാന പ്രകാരം ശ്രീ.ഷൈജു കേളത്തറ വിഭാഗം നൽകിയ അരിയർ ഫണ്ട് വിഹിതത്തിൽ നിന്നും .............. രൂപ നൽകി ബാദ്ധ്യതകൾ തീർത്തു. ഇതു സംബന്ധിച്ച വൗച്ചറുകൾ ശ്രീ.കെ.എൻ. മോഹനന്റെ കൈവശമുണ്ട്.
2. സമ്മേളനത്തിനായി വാങ്ങിയ ബാഗിനും, സമ്മേളനവുമായി ബന്ധപ്പെട്ട കേസിനും മറ്റും വന്ന ചിലവുകൾ യൂണിയന്റെ തിരുവനന്തപുരത്തെ അക്കൗണ്ടിൽ നിന്നും നൽകി.( വാങ്ങിയ ബാഗുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതാണ്)
3. ജീവനക്കാരുടെ qualification നുമായി ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ 29.12.2016 ഇറക്കിയ ഉത്തരവിൽ നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ മാറ്റം വരുത്തേണ്ടാ എന്ന നമ്മുടെ വാദം കമ്മീഷൻ അംഗീകരിച്ചിരുന്നു. ഇത് സ്റ്റേ ചെയ്യുവാൻ Aptel (അപ്പീൽ അതോറിറ്റിയിൽ - ഡൽഹിയിൽ) ഒരു ജീവനക്കാരൻ നൽകിയ അപ്പീലിന് എതിരെ മുൻ കമ്മിറ്റി തീരുമാന പ്രകാരം counter file ചെയ്യുവാനുള്ള വക്കാലത്ത് ഡൽഹിയിലുള്ള അഡ്വക്കേറ്റിന് നൽകി. നവംബർ 27 ന് വച്ചിരുന്ന കേസ് ജനുവരി 31 ലേക്ക് മാറ്റിയത് നമ്മുടെ ഇടപെടൽ മൂലമാണ്. അടുത്തിടെ വർക്കർ - ലൈൻമാൻ, ലൈൻമാൻ-ഓവർസിയർ പ്രമോഷൻ ഉത്തരവ് തടസ്സങ്ങളില്ലാതെ പുറത്തിറങ്ങാൻ സാധിച്ചതും നമ്മുടെ ഇടപെടൽ മൂലമാണ്.
4. **<u>വൈദ്യുതിഭവൻ ചീഫ് എഞ്ചിനീയർ മാർച്ച്</u>** - ഇടത് സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ നവംബർ 15-ാംതീയതി കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം (വൈദ്യുതിഭവൻ) ചീഫ് എഞ്ചിനീയർ ഓഫീസുകളിലേക്ക് ഒരേ സമയം നടത്തിയ പ്രതിഷേധ മാർച്ച് വൻ വിജയമായിരുന്നു. ഇത് വിജയിപ്പിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു. തൊഴിലാളി വിരുദ്ധ നിലപാടുകൾ ചൂണ്ടി കാണിച്ച് "പടയണി" നോട്ടീസ് പുറത്തിറക്കി.
5. എം.എസ്. റാവുത്തർ സ്മാരക മന്ദിരത്തിനുവേണ്ടി തയ്യാറാക്കിയതും കഴിഞ്ഞ സ്റ്റേറ്റ് കൗൺസിലിൽ എല്ലാവരും അംഗീകരിച്ചതുമായ പ്ലാൻ തിരുവനന്തപുരം കോർപ്പറേഷനിൽ സമർപ്പിച്ചു. പെർമിറ്റ് ഒരാഴ്ചയ്ക്കകം ലഭിക്കുന്നതാണ്. പണി ഉടൻ തുടങ്ങുന്നതാണ്.
6. സംസ്ഥാന സമ്മേളനുവുമായി ബന്ധപ്പെട്ട് കോടതിലുള്ള ഒരു കേസിൽ (Delegates) തീരുമാനം നമുക്ക് അനുകൂലമായിട്ടുണ്ടെങ്കിലും. മറ്റൊരു കേസിൽ എതിർ വിഭാഗം അപ്പീൽ നൽകിയിരിക്കുകയാണ്. ഈ കേസ് കോടതി ഫെബ്രുവരിയിൽ പരിഗണനയ്ക്ക് എടുക്കുന്നതാണ്.
7. Member contribution "ചെക്ക്" ഒരു ഡിവിഷൻ കമ്മിറ്റി മാത്രമേ നൽകിയിട്ടുള്ളു.
8. എം.എസ്. റാവുത്തർ ട്രസ്റ്റിന്റെ പേരിൽ നാളിതുവരെ 83000/- രൂപയോളം ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചവർക്ക് നൽകി.

**<u>അജണ്ട</u>**

1. ഭാവി പ്രവർത്തനങ്ങൾ
2. NCCOEEE (സംയുക്ത ട്രേഡ് യൂണിയൻ) പ്രവർത്തനങ്ങളുമായുള്ള സഹകരണം തുടരുന്നത് സംബന്ധിച്ച്.
3. KSEB L നെ പ്രവർത്തന/സാമ്പത്തിക പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ബോർഡ് മാനേജുമെന്റിന്റേയുംനടപടികൾക്കെതിരെയുള്ള പ്രതിഷേധം.

SECRETARY IN CHARGE OF
GENERAL SECRETARY